# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 135
# 30.11.2015-ലെ മറുപടിക്ക്
# ട്രഷറി നിക്ഷേപങ്ങൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.വി. ചെന്താമരാക്ഷൻ | ബഹു.മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻ ചാണ്ടി |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയിൽ നിന്നുള്ള സംസ്ഥാന ട്രഷറിയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച ഏറ്റവും പുതിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ; | 2015 നവംബർ 27ലെ ട്രഷറിയിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 3764.68 കോടി രൂപയും സഹകരണ സ്ഥാപനങ്ങളിൽ നിന്നും 556.80 കോടി രൂപയും കോർപ്പറേഷനുകളിൽ നിന്നും 661.12കോടി രൂപയും ബോർഡുകളിൽനിന്നും 1499.38 കോടി രൂപയും സംസ്ഥാന ട്രഷറിയിൽ നിക്ഷേപങ്ങളായി ലഭിച്ചിട്ടുണ്ട്. |
| (ബി) | എത്ര ശതമാനം പലിശ നൽകാമെന്ന വ്യവസ്ഥയിലാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പണം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ: | അതാത് കാലയളവിൽ സർക്കാർ നിശ്ചയിക്കുന്ന പലിശ നിരക്ക് പ്രകാരമാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ ട്രഷറികളിൽ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ ഉയർന്ന പലിശനിരക്ക് നൽകിയും നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ട്രഷറി നിക്ഷേപ ഇനത്തിൽ തിരികെ നൽകേണ്ടതായ ആകെ തുകയും പലിശയും എത്രയെന്ന് വിശദമാക്കുമോ; | ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ട്രഷറി നിക്ഷേപ ഇനത്തിൽ തിരികെ നൽകേണ്ടതായ ആകെ തുക 6481.98 കോടി രൂപയും പലിശ 471.99 കോടി രൂപയും ആണ്. |
| (ഡി) | നാഷണൽ സേവിംഗ്സ് സ്കീമിൽ നിന്നും സർക്കാർ സ്വീകരിച്ച തുകയെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ? | 2015-16 സാമ്പത്തികവർഷം മൂന്ന് തവണകളിലായി മൊത്തം 96.51 കോടി രൂപ എൻ.എസ്.എസ്.എഫിന്റെ വരവായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ